**POLICE DEPARTMENT**

**KERALA**


**No. E3-80388/2022/P**

ജില്ലാ പോലീസ് ഓഫീസ്,

പാലക്കാട്

✉spplkd.pol@kerala.gov.in

☏04912536700


തീയതി. 24-03-2025

**പുനർ ലേലപരസ്യം**

പാലക്കാട് പുതുനഗരം പോലീസ് സ്റ്റേഷൻ വളപ്പിൽ നിൽക്കുന്ന താഴെ പറയുന്ന മരങ്ങൾ മുറിച്ചു മാറ്റുന്നതിന് **07.04.2025** തിയ്യതി കാലത്ത് 11.00 മണിക്ക് പുതുനഗരം പോലീസ് സ്റ്റേഷനിൽ വെച്ച് പരസ്യമായി ലേലം നടത്തി വിൽക്കുന്നതാണ്.

| **ക്രമ നമ്പർ** | **ഇനം** | **എണ്ണം** |
|---|---|---|
| 1 | കുമ്പിൾ (Kumbil) | 2 |

**ലേല നിബന്ധനകൾ:-**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 100/- രൂപ (നൂറ് രൂപ) കെട്ടിവയേക്കണ്ടതാണ്. കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നവർക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ടിയാൻ ലേലത്തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം ബഹുമാനപ്പെട്ട ജില്ലാ പോലീസ് മേധാവി ശെരി വെച്ചശേഷം ബാക്കി തുകയും ലേല തുകയുടെ 18% GST യും GST ചേർന്ന തുകയുടെ 5%വന വികസന നികുതിയും അടക്കേണ്ടതാണ്. മരം മുറിച്ചു നീക്കം ചെയ്യുമ്പോൾ ആളുകൾക്കും ഗവൺമെൻ്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുകൾക്കോ അപകടമോ കേടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ആയതിന്റെ ഉത്തരവാദിത്വം ലേലം കൊണ്ട് ആളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 10 ദിവസത്തിനകം മരം നീക്കം ചെയ്യേണ്ടതുമാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം മാറ്റി വെയ്ക്കുന്നതിനും, നിർത്തി വെയ്ക്കുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തീയതിക്ക് 5 ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11 മണി മുതൽ 5 മണി വരെയുള്ള സമയത്ത് പുതുനഗരം പോലീസ് ഇൻസ്പെക്ടറുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.




അജിത് കുമാർ ഐ. പി. എസ്.

ജില്ലാ പോലീസ് മേധാവി

സ്വീകർത്താവ് : ബോർഡ് ചെയർമാന്റെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി.

പകർപ്പ് : എല്ലാ ജില്ലാ പോലീസ് മേധാവിമാർക്കും / ബറ്റാലിയൻ കമാണ്ടാന്റ്മാർക്കും അറിവിലേയ്ക്കും വേണ്ടത്ര പ്രചാരണംനൽകുന്നതിനായി അയക്കുന്നു / പാലക്കാട് ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫിസർ . പാലക്കാട് ഡി.പി.ഒ. ക്യാഷ്യർ - ലേലത്തുക കൈപറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചുവയ്ക്കുന്നതിനും